# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5972** **19.11.2019 ൽ മറുപടിയ്ക്ക്**

## സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതി കെ. എസ്. ഇ. ബി. തയ്യാറാക്കിയിട്ടുണ്ടോ; | (എ) | സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതി ഊർജ്ജ കേരള മിഷന്റെ ഭാഗമായ **'സൗര'**യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്നും **500 മെഗാവാട്ട്** 2021-2022 ഓടെ ഉത്പ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>500 മെഗാവാട്ട് പുരപ്പുറ പദ്ധതി ചുവടെ പറയുന്ന മേഖലകളിൽ നിന്നും ഉത്പ്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.<br><br>ഗാർഹിക/കാർഷിക ഉപഭോക്താക്കൾ — 150 മെഗാവാട്ട്<br>സർക്കാർകെട്ടിടങ്ങൾ — 100 മെഗാവാട്ട്<br>ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ — 250 മെഗാവാട്ട്<br><br>പദ്ധതിയുടെ ഭാഗമായി നാളിതുവരെ രജിസ്റ്റർ ചെയ്ത സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സാധ്യത പഠനത്തിന് ശേഷം യോഗ്യമായ മേൽക്കൂരകൾ തെരഞ്ഞെടുക്കുകയും മറ്റ് സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ മേൽക്കൂര-കളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചു വരുന്നു. |
| (സി) | പദ്ധതി പ്രകാരം കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉപഭോഗം എപ്രകാരം വിനിയോഗിക്കു-ന്നതിനാണ് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നത്; | (സി) | ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപഭോക്താക്കളുടെ ആവശ്യത്തിന് അനുസരിച്ച് വ്യവസ്ഥകളോടെ ഉപയോഗിക്കാവുന്നതും അധികമായി ഉത്പാദിപ്പി- |

| | | | |
|---|---|---|---|
| | | | ക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി യുടെ ഗ്രിഡിലേക്ക് നൽകാവുന്നതുമാണ്. |
| (ഡി) | സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ നൽകുമോ? | (ഡി) | സൗര പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളെയാണ് ഇതിലേക്ക് പരിഗണിച്ചത്. മേൽക്കൂരയുടെ വിസ്തൃതി, മേൽക്കൂരയുടെ സ്വഭാവം, തടസ്സമില്ലാതെ സൂര്യപ്രകാശം ലഭിക്കാനുള്ള സാധ്യത, ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് കടത്തിവിടാനുള്ള സൗകര്യം തുടങ്ങിയവയാണ് സ്വീകരിച്ച പ്രധാന മാനദണ്ഡങ്ങൾ. |

**സെക്ഷൻ ഓഫീസർ**